LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായ തീയതി നാലുവർഷം മുമ്പെങ്കിലും പ്രഖ്യാപിക്കേണ്ടതുണ്ട്. എന്നാൽ 35-ാം ദേശീയ ഗെയിംസിന്റെ തീയതി മേളയ്ക്ക് 7 മാസം മുമ്പ് മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടത്. അതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ശരിയായി ആസൂത്രണം ചെയ്യുവാനോ ഉചിതമായ സാങ്കേതിക മികവുള്ള വേദികൾ നിശ്ചയിക്കുവാനോ ഉള്ള സാവകാശം ലഭിച്ചില്ല. എങ്കിലും 2010-11 മുതൽ അപ്പോഴത്തെ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി വേദികളുടെ നിർമ്മാണം ആരംഭിക്കുകയാണുണ്ടായത്. നിർമ്മാണം നടന്നുവരവേ മുൻകൂട്ടി കാണാൻ കഴിയാത്ത പല പ്രതിബന്ധങ്ങളും നേരിടുകയും അവ യഥോചിതം പരിഹരിക്കേണ്ടത് ഗെയിംസ് തൃപ്തികരമായി നടത്താൻ അനിവാര്യ മായിത്തീരുകയും ചെയ്തു. തന്മൂലം എസ്റ്റിമേറ്റിനങ്ങളിൽ ഒഴിവാക്കാനാവാത്ത ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നിട്ടുണ്ട്. തികച്ചും സങ്കീർണ്ണമായ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളിലും ഇത്തരം സാഹചര്യങ്ങൾ സ്വാഭാവികമാണ്. ഇത്തരം പ്രതിബന്ധങ്ങൾ ഉണ്ടായെങ്കിലും 2010-11-ൽ സർക്കാർ അംഗീകരിച്ച ബഡ്ജറ്റിനുള്ളിൽനിന്നുതന്നെ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്.

സത്യൻ നഗർ സ്റ്റേഡിയം

266 (2010) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ എസ്റ്റേറ്റ് വാർഡിൽ സ്ഥിതിചെയ്യുന്ന സത്യൻ നഗർ സ്റ്റേഡിയം പുനർ നിർമ്മിച്ച് ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇപ്പോഴത്തെ പുരോഗതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സത്യൻ നഗർ സ്റ്റേഡിയം ആധുനിക മൾട്ടി പർപ്പസ് സ്റ്റേഡിയമാക്കി മാറ്റുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി രേഖയിൽ ടി പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി പദ്ധതി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയുമാണ്. അതേ സമയം സത്യൻ നഗർ സ്റ്റേഡിയം മൾട്ടി

പർപ്പസ് സ്റ്റേഡിയമാക്കുന്നത് സംബന്ധിച്ച അപേക്ഷ, സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ലെവൽ കമ്മിറ്റി പരിഗണിക്കുന്നതിന് സമർപ്പിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കപ്പെട്ടിട്ടില്ല.

നീന്തൽ പരിശീലന കുളങ്ങൾ

267 (2011) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ പരിശീലനത്തിനായി എത്ര കുളങ്ങളും സ്വിമ്മിംഗ് പൂളുകളും നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും പരിശീലനത്തിനായി നീന്തൽ കുളങ്ങൾ, നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പിന് കീഴിലുള്ളതെന്ന് വിശദമാക്കുമോ;

(സി) താനൂർ നിയോജകമണ്ഡലത്തിലെ മുക്കാംതോട് കുളം, നീന്തൽ കുളമായി വികസിപ്പിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) താനൂർ നഗരസഭയുടെ കീഴിലുള്ള പ്രസ്തുത കുളം നീന്തൽ പരിശീലന കുളമായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉടനീളമുള്ള കുളങ്ങളും സ്വിമ്മിംഗ് പൂളുകളും സംബന്ധിച്ച് കായികയുവജനകാര്യ വകുപ്പോ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലോ ഔദ്യോഗിക കണക്കെടുപ്പ് നടത്തിയിട്ടില്ല. എങ്കിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നീന്തൽക്കുളം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്വന്തമായുള്ള സർക്കാർ സ്കൂൾ, പഞ്ചായത്ത്, എയ്ഡഡ് സ്കൂൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി നീന്തൽക്കുളം നിർമ്മിച്ചു നൽകുന്നുണ്ട്. ഇതുകൂടാതെ കുട്ടികളുടെ നീന്തൽ പരിശീലനത്തിനായി സ്വിം ആന്റ് സർവൈവ് പദ്ധതി പ്രകാരം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓരോ പോർട്ടബിൾ നീന്തൽക്കുളം നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly